## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6581** **21-11-2019 ൽ മറുപടിക്ക്**

## പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഏതെല്ലാം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമാണ് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും വിശദീകരിക്കാമോ; | (എ) സംസ്ഥാനത്ത് സ്ഥാപനങ്ങൾക്കും സംഘടനകൾക്കും 3118 ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള പാട്ടത്തിന്റെ വിശദാംശങ്ങൾ 14 ജില്ലാ കളക്ടർമാർ മുഖാന്തിരം ശേഖരിക്കുകയും അവ ക്രോഡീകരിച്ച് പട്ടിക അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്തെ സ്വകാര്യ വ്യക്തികൾക്ക് ഇതുവരെ ശേഖരിച്ച വിവരമനുസരിച്ച് 166 ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. വ്യക്തികൾക്ക് നൽകിയിട്ടുള്ള പാട്ടത്തിന്റെ വിവരശേഖരം നടത്തുന്നതിലേയ്ക്ക് ജില്ല കളക്ടർമർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിക്കു അത് നൽകപ്പെട്ട ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള നിലവിലെ പാട്ടത്തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിരക്ക് നിശ്ചയിച്ചതെന്നാണെന്ന് വെളിപ്പെടുത്താമോ; | (ബി) സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള ഭൂമിയ്ക്ക നിശ്ചയിച്ചിട്ടുള്ള പാട്ടത്തുക സംബന്ധിച്ച വിവരം ക്രോഡീകരിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.<br>പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വ്യക്തികൾക്കും, സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും പാട്ടം നൽകിയിട്ടുള്ള ഭൂമിയുടെ പുതുക്കിയ പാട്ടത്തുക നിശ്ചയിക്കുന്നതിന് 06.02.2016 തീയതിയിലെ ജി.ഒ (എം.എസ്) 96/2016/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വ്യക്തികൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പാട്ടം നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടത്തുക നിശ്ചയിക്കുന്നത് 28.01.2016 തീയതിയിലെ ജി.ഒ (പി) 64/2016/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ്. |
| (സി) പ്രസ്തുത ഭൂമിയുടെ പാട്ടത്തുക പുതുക്കി നിശ്ചയിട്ടുണ്ടോയെന്നും പുതുക്കി നിശ്ചയിച്ചിട്ടും ആ തുക അടക്കാത്ത സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും ഏതൊക്കെയെന്നും വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്തെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാട്ടം അനുവദിച്ചിട്ടുള്ള കേസുകളുടെ വിവരശേഖരം 14 ജില്ലാ കളക്ടർമാർ മുഖാന്തിരം നടത്തി ക്രോഡീകരിച്ച പട്ടികയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. സ്വകാര്യ വ്യക്തികൾക്ക് പാട്ടം അനുവദിച്ച കേസുകളുടെ വിവരം 14 ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ